പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ:2850

19.06.2014-ൽ
മറുപടിയ്ക്ക്

## കയർമേഖലയെ ശക്തിപ്പെടുത്താൻ കർമ്മപദ്ധതി

| ചോദ്യം<br>ശ്രീ.റ്റി.എൻ. പ്രതാപൻ<br>,, ജോസഫ് വാഴക്കൻ<br>,, വി.റ്റി.ബൽറാം<br>,, വി.ഡി. സതീശൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർമേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിട്ടുള്ളത്;വിശദമാക്കുമോ; | എ) കയർമേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില നടപടികൾ ചുവടെ ചേർക്കുന്നു.<br>• പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു.<br>• പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 201314 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406/- , 8,96,92,648/- 1,45,25,260/- രൂപ പ്രവർത്തനമൂലധനമായി അനുവദിച്ചു.<br>• കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360 രൂപയായും വർദ്ധിപ്പിച്ചു.<br>• കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.<br>• തൊണ്ട് സംഭരണം ശക്തമാക്കുവാൻ കയർപിരി സംഘങ്ങൾക്ക് 1,00,000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകിയും പച്ചതൊണ്ടിന് |

| | |
|---|---|
| | നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽ നിന്നും 10 പൈസയായി വർദ്ധിപ്പിച്ചും, തൊണ്ടു സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിനബത്ത 100/- രൂപയിൽ നിന്നും 150/- രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175/- രൂപയും 2012-13 ൽ 2,07,59,149/- രൂപയും 2013-14 ൽ 11,20,75,971/- രൂപയും അനുവദിച്ചു.<br>• കയറിന്റെയും കയറുൽപന്നങ്ങളുടെയും ആഭ്യന്തര-വിദേശ വിപണി വികസപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കയർകേരള അന്താരാഷ്ട്ര പ്രദർശനമേള 2012,2013,2014 വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു.<br>• ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.<br>• തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. അതോടൊപ്പം നാളീകേര വികസന ബോർഡുമായി ചേർന്നും പുതിയൊരു പ്രോജക്ട് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഇക്കാലയളവിൽ കയർമേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രവിഹിതം ഉൾപ്പെടെ 2011 12-ൽ പദ്ധതിയിനത്തിൽ 90,05,01,000/- രൂപയായിരുന്നത് 2012 -13 ൽ 104,70,00,000/- |

| | |
|---|---|
| | രൂപയായും 2013-14 ൽ 116,37,00,000/ രൂപയായും 2014-15 ൽ 121,93,90,000/- രൂപയായും വർദ്ധിപ്പിച്ചു. |
| സി) എത്ര ശതമാനം വർദ്ധനവാണ് ഓരോ സാമ്പത്തിക വർഷത്തിലും വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | സി) കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ 2011-12 നേക്കാൾ 16.27% വർദ്ധനവ് 2012-13 ലും 2012-13 നേക്കാൾ 11.146% വർദ്ധനവ് 2013 -14 ലും മുൻ വർഷത്തേക്കാൾ (2013-14) 4.7856% വർദ്ധനവ് നടപ്പു സാമ്പത്തിക വർഷവും (2014 -15) ഉണ്ടായിട്ടുണ്ട്. |
| ഡി) ഇതുമൂലം കയർമേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | ഡി) ഓരോ വർഷവും കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചതുമൂലം കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജ സ്വലമാക്കാനും അതുവഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും കഴിഞ്ഞു. ചില പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>• 2011 - 12 വർഷം 388 സംഘങ്ങൾക്ക് 9,54,73,406/- രൂപയും, 2012 - 13 വർഷം 440 സംഘങ്ങൾക്ക് 8,96,92,648/- രൂപയും 2013-14 ൽ 78 സംഘങ്ങൾക്ക് 1,45,25,260/- രൂപയും പ്രവർത്തന മൂലധനമായി നൽകി.<br>• അടിസ്ഥാന സൗകര്യ വികസനത്തിനായി 2012-13 ൽ 58 സംഘങ്ങൾക്ക് 2,07,59,149/- രൂപയും 2013-14 ൽ 158 സംഘങ്ങൾക്ക് 11,20,75,971/- രൂപയും നൽകി.<br>• മലബാർ മേഖലയിലെ കയർ സഹകരണ സംഘങ്ങളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കോഴിക്കോട് പ്രോജക്റ്റിന് കീഴിലെ 10 കയർപിരി സംഘങ്ങൾക്കും , കണ്ണൂർ, പൊന്നാനി പ്രോജക്റ്റിന് കീഴിലെ 5 കയർപിരി സംഘങ്ങൾക്കു വീതവും പ്രയോജനം ലഭിക്കുന്ന രീതിയിൽ ഒരു പ്രത്യേക പാക്കേജിന് അംഗീകാരം |

നൽകി. 4.90 കോടി രൂപ 2012 13 വർഷം ഇതിനായി അനുവദിച്ചു.

- ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.
- കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-13 വർഷം 18,39,60,000/- രൂപയും, 2013-14 വർഷം 4,62,37,000/- രൂപയും അനുവദിച്ചു.
- കയർ സംഭരണത്തിനായി 2012-13, 2013-14 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ വീതം അനുവദിച്ചു.
- കയർ സഹകരണ സംഘങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിനായി കയർഫെഡിന് 2013-14 ൽ 4,86,20,000/- രൂപ അനുവദിച്ചു.
- കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു.
- കയർ മേഖലയിൽ എല്ലാ വിധ ആധുനിക രീതിയിലുമുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷീനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.
- കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും, കയർഫെഡിനേയും, കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും ശക്തമാക്കാൻ വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകി.

സെക്ഷൻ ഓഫീസർ